**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 160** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഇ. ചിട്ടികൾ ജനപ്രിയമാക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സുമേഷ് അച്ചുതൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. രമേഷ് പിഷാരടി

ശ്രീ. രാജൻ. ജെ. പല്ലൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കെ.എസ്.എഫ്.ഇ. ചിട്ടികളെയും നിക്ഷേപങ്ങളെയും കൂടുതൽ ജനപ്രിയമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കെ.എസ്.എഫ്.ഇ ചിട്ടികൾ ജനപ്രിയമാക്കുന്നതിന്റെ ഭാഗമായി എല്ലാ സാമ്പത്തിക വർഷവും ആകർഷകമായ സമ്മാനപദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക ചിട്ടി പദ്ധതികൾ നടത്തി വരുന്നുണ്ട്. 2025-26 ൽ വിജയകരമായി പൂർത്തിയാക്കിയ ഹാർമണി ചിട്ടിയും നടപ്പ സാമ്പത്തിക വർഷമായ 2026-27 ലെ എംപവർ ചിട്ടിയും ഈ രീതിയിൽ ഉള്ളതാകുന്നു. സുതാര്യമായ ചിട്ടി ലേല നടപടികളും ചിട്ടി സമ്മാന നറുക്കെടുപ്പും കെ.എസ്.എഫ്.ഇ ചിട്ടിയെ വിശ്വാസ യോഗ്യമാക്കുന്നതിലും ജനപ്രിയമാക്കുന്നതിലും വലിയ പങ്ക് വഹിക്കുന്നുണ്ട്. ചിട്ടി ഇടപാടുകാർക്ക് ഏറെ ഉപകാരപ്രദമായ മൊബൈൽ ആപ്ലിക്കേഷനായ "കെ.എസ്.എഫ്.ഇ പവർ ആപ്പ്" നിലവിലുണ്ട്. ചിട്ടി പിടിക്കാത്ത ഇടപാടുകാർക്ക് വേഗത്തിൽ ലഭ്യമാകുന്ന വായ്പയായ സ്മാർട്ട് പാസ്സ് ബുക്ക് ലോൺ ചിട്ടിയെ കൂടുതൽ ജനപ്രിയമാക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇത് പൂർണ്ണമായും മൊബൈൽ ആപ്പ് അധിഷ്ഠിതമാണ്. ചിട്ടി സമ്മാനത്തുക കെ.എസ്.എഫ്.ഇ.യിൽ നിക്ഷേപിക്കുമ്പോൾ നൽകുന്ന ഉയർന്ന പലിശ വരുമാനം ചിട്ടിയെ ജനപ്രിയമാക്കി തീർക്കുന്നു. നഗര ഗ്രാമ വ്യത്യാസമില്ലാതെ വിന്യസിച്ചിട്ടുള്ള ശാഖാ സംവിധാനങ്ങളും, ഓരോ പ്രദേശത്തിന്റേയും സ്വന്തം സാമ്പത്തിക കേന്ദ്രമെന്ന നിലയിലുള്ള പ്രവർത്തനവും എല്ലാ സാമ്പത്തിക വിഭാഗത്തിൽപ്പെട്ടവർക്കും ഇടപാടുകാരാകുവാൻ കഴിയുംവിധം വിവിധ പാറ്റേണുകളിലുള്ള ചിട്ടികളും കെ.എസ്.എഫ്.ഇ യെ ജനകീയമാക്കി തീർത്തിട്ടുണ്ട്.

കേരള സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമെന്ന നിലയിലുള്ള വിശ്വാസ്യതയും ഉയർന്ന നിരക്കിലുള്ള പലിശയും കെ.എസ്.എഫ്.ഇ നിക്ഷേപങ്ങളെ കൂടുതൽ ജനപ്രിയമാക്കുന്നുണ്ട്.

**(ബി)** പ്രവാസികളിൽ നിന്നുള്ള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതികളോ ചിട്ടികളോ ആരംഭിക്കുമോ; സാധാരണക്കാരായ ജനങ്ങൾക്ക് സഹായകരമാകുന്ന രീതിയിൽ സ്വർണവായ്പകൾ ലളിതവും സുതാര്യവുമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** പ്രവാസികളിൽ നിന്നും നേരിട്ട് നിക്ഷേപം സ്വീകരിക്കുന്ന പദ്ധതികളൊന്നും കെ.എസ്.എഫ്.ഇ യിൽ നിലവിലില്ല. എന്നാൽ കേരളീയരായിട്ടുള്ള പ്രവാസികൾക്കായി പ്രത്യേകം ചിട്ടിപദ്ധതികൾ കെ.എസ്.എഫ്.ഇ നടത്തി വരുന്നുണ്ട്. പ്രവാസിചിട്ടികളിലെ സമ്മാനത്തുക കെ.എസ്.എഫ്.ഇ.യിൽ നിക്ഷേപിക്കുന്നതിന് സാധ്യമാണ്. പൂർണ്ണമായും ഓൺലൈനായിട്ടാണ് പ്രവാസി ചിട്ടികൾ നടത്തിവരുന്നത്. പ്രവാസി ചിട്ടികൾക്ക് മാത്രമായി ഒരു ഡിജിറ്റൽ ബിസിനസ്സ് സെന്റർ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്നുണ്ട്. ആകർഷകമായ സമ്മാനങ്ങളും മറ്റും പ്രവാസി ചിട്ടി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇടപാടുകാർക്ക് നല്കി വരുന്നുണ്ട്. ലളിതമായ വ്യവസ്ഥകളിന്മേലാണ് കെ.എസ്.എഫ്.ഇ സ്വർണ്ണപ്പണയ വായ്പ നല്കി വരുന്നത്. നിലവിൽ കെ.എസ്.എഫ്.ഇ യിൽ ഇടപാടുകൾ ഇല്ലാത്തവർക്കും തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ സ്വർണ്ണപ്പണയവായ്പ നൽകി വരുന്നുണ്ട്. EMI അടിസ്ഥാനത്തിലുള്ള ജനമിത്രം ഗോൾഡ് ലോണിന് 4.9% നിരക്കിൽ മാത്രമാണ് പലിശ ഈടാക്കി വരുന്നത്. കൂടാതെ 7.75% മുതലാണ് കെ.എസ്.എഫ്.ഇ യിൽ സാധാരണ സ്വർണ്ണപ്പണയ വായ്പകളുടെ പലിശ നിരക്ക് ആരംഭിക്കുന്നത്. ഇവയൊക്കെ സാധാരണക്കാരായ ജനങ്ങൾക്ക് സഹായകരമാകുന്ന രീതിയിൽ ലളിതവും സുതാര്യവുമായ സ്വർണവായ്പകളാണ്.

**(സി)** കെ.എസ്.എഫ്.ഇ. ഇടപാടുകൾ പൂർണ്ണമായും ഡിജിറ്റലാക്കി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സമ്പൂർണ്ണ ഡിജിറ്റലൈസേഷനുള്ള പദ്ധതികൾ ഘട്ടംഘട്ടമായി കെ.എസ്.എഫ്.ഇ യിൽ നടപ്പിലാക്കി വരികയാണ്. കെ.എസ്.എഫ്.ഇ പവർ ആപ്പ്, ഇ-ഓഫീസ്, ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം, കസ്റ്റമർ റിലേഷൻ മാനേജ്മെന്റ് സിസ്റ്റം, വാല്യുവേഷൻ മാനേജ്മെന്റ് സിസ്റ്റം, ഓൺലൈൻ അധിഷ്ഠിതമായ സ്മാർട്ട് ഗോൾഡ് ലോൺ, സ്മാർട്ട് പാസ്സ് ബുക്ക് ലോൺ തുടങ്ങിയവയെല്ലാം നടപ്പിലാക്കി വരുന്നു. ഓൺലൈൻ ചിട്ടി ലേല നടപടികളും മറ്റ് പ്രധാന ബിസിനസ്സ് നടത്തിപ്പുകളും സമ്പൂർണ്ണമായും ഡിജിറ്റലാക്കി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനുള്ള പദ്ധതികൾ തുടർന്ന് നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**